# കൈത്തറി-ഖാദി സംരക്ഷണ കൺവെൻഷൻ

വസ്ത്രധാരണത്തിൽ കൈത്തറി-ഖാദി വസ്ത്രങ്ങൾക്ക് മുഖ്യസ്ഥാനം ലഭിക്കത്തക്കരീതിയിൽ സംസ്ഥാനവ്യാപകമായി കൈത്തറി-ഖാദി പ്രചരണ പരിപാടിക്ക് പരിസ്ഥിതി-സാംസ്കാരിക പ്രവർത്തകരുടെ കൂട്ടായ്മ തുടക്കം കുറിക്കുന്നു. ഇതിന്റെ ഭാഗമായി ജൂലായ് 24ന് എറണാകുളത്ത് കൈത്തറി-ഖാദി സംരക്ഷണ കൺവെൻഷൻ ചേരുന്നു. പരിസ്ഥിതി സംഘടനകൾ ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങളുടേയും സ്ഥാപനങ്ങളുടേയും കൂട്ടായ്മയിൽ ആയിരത്തോളം പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടായിരിക്കും കൺവെൻഷൻ. ഇതിനു മുന്നോടിയായി വിവിധ പ്രദേശങ്ങളിൽ കൈത്തറി-ഖാദി മേളകളും പ്രചരണ യോഗങ്ങളും സംഘടിപ്പിക്കും.

തൊഴിൽദായകശേഷിയുടെ കാര്യത്തിൽ ഇന്ത്യയിലെ കാർഷികമേഖലയ്ക്ക് തൊട്ടുപിന്നിലുള്ള കൈത്തറി-ഖാദി മേഖല ഇന്ന് പലവിധ കാരണങ്ങളാൽ തകർച്ച നേരിടുകയാണ്. 1991 മുതൽ ഇന്ത്യയിൽ നടപ്പിലാക്കപ്പെട്ട ഉദാരവൽക്കരണനയങ്ങൾ ഈ മേഖലയുടെ സമ്പൂർണ തകർച്ചയ്ക്ക് വഴിയൊരുക്കി. കൈത്തറി വസ്ത്രങ്ങളുടെ യന്ത്രാനുകരണങ്ങൾക്ക് (പവർലൂമിൽ ഉണ്ടാക്കുന്ന) ഉണ്ടായിരുന്ന വിലക്കുകൾ നീക്കം ചെയ്തതും കൈത്തറി നൂലുൽപ്പാദനത്തിന് മില്ലുകൾക്ക് നിർദ്ദേശിക്കപ്പെട്ടിരുന്ന ക്വാട്ട സമ്പ്രദായം എടുത്തുകളഞ്ഞതും ഖാദി-കൈത്തറി മേഖലയുടെ അടിത്തറ തന്നെ തകർത്തിട്ടുണ്ട്. ഗുണമേന്മയിൽ താല്പര്യം കാണിക്കുന്ന ഇടത്തരം-സമ്പന്ന വിഭാഗങ്ങളും കയറ്റുമതി വിപണിയുമാണ് പൂർണമായ ഒരു തകർച്ച ഒഴിവാക്കാൻ സഹായിക്കുന്നത്.

സാധാരണക്കാർക്കു കൂടി പ്രാപ്യമായ രീതിയിൽ ഗുണമേന്മയും വൈവവിധ്യമുള്ള വസ്ത്രങ്ങൾ ഉല്പാദിപ്പിക്കാനായാൽ മാത്രമേ കൈത്തറിക്ക് നിലനിൽക്കാനാകൂ. ഇതിന് സർക്കാരിന്റേയും പൊതുസമൂഹത്തിന്റേയും ഇടപെടലും സഹായങ്ങളും ആവശ്യമാണ്. ദേശീയതലത്തിൽ തന്നെ ഒരു സാംസ്കാരിക രാഷ്ട്രീയ പ്രവർത്തനമായി ഇതു മാറേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ തുടക്കം കുറിക്കലെന്ന നിലയിലാണ് കൈത്തറി-ഖാദി സംരക്ഷണ കൺവെൻഷൻ സംഘടിപ്പിക്കുന്നത്.

കൈത്തറി-ഖാദി സംരക്ഷണ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിന് താല്പര്യമുള്ള സംഘടനാപ്രതിനിധികളുടേയും സുഹൃത്തുക്കളുടേയും യോഗം ജൂൺ 26 പകൽ 3 മുതൽ എറണാകുളം കച്ചേരിപ്പടിക്കു സമീപമുള്ള ഗാന്ധിഭവനിൽ ചേരുന്നു.

കൂടുതൽ വിവരങ്ങൾക്ക്:


എം. കെ. രാജേന്ദ്രൻ
പരിഷദ് ഭവൻ
എ. കെ. ജി. റോഡ്
ഇടപ്പിള്ളി, കൊച്ചി-24
ഫോൺ: 0484-532675

സുരേഷ് ജോർജ്
ഗാന്ധി ഭവൻ
കച്ചേരിപ്പടി
കൊച്ചി-18
ഫോൺ: 0484- 351869